Dated : 22/01/ 2018

## സംസ്ഥാനത്തെ മികച്ച കുറ്റാന്വേഷണ ടീം
## കൊല്ലം സിറ്റി ക്രൈംബ്രാഞ്ച് :




കൊല്ലം : കൊല്ലം സിറ്റി ക്രൈംബ്രാഞ്ചിന് സംസ്ഥാനത്തെ മികച്ച കുറ്റാന്വേഷണ ടീമിനുള്ള ആദരം. ക്രൈംബ്രാഞ്ച് എ.സി.പി എ.അശോകൻ നേതൃത്വം നൽകുന്ന ടീമിൽ എസ്.ഐ മാരായ എച്ച്.മുഹമ്മദ് ഖാൻ, എ.നിസാമുദ്ദീൻ, ഗ്രേഡ് എസ്.ഐ മാരായ ധനപാലൻ, വിജയൻപിള്ള എന്നിവരാണുള്ളത്. പോലീസിനെ പ്രതിക്കൂട്ടിൽ നിർത്തിയ കൃഷ്ണകുമാർ തിരോധാനക്കേസിലെ നിർണായകമായ കണ്ടെത്തലുകളാണ് ഈ ടീമിനുള്ള ഡി.ജി.പി യുടെ ബാഡ്ജ് ഓഫ് ഓണർ ലഭിക്കാനിടയാക്കിയത്.

2015 ൽ കൊല്ലം ഈസ്റ്റ് പോലീസ് കസ്റ്റഡിയിലെടുത്ത കൃഷ്ണകുമാറിനെ പിന്നീട് കാണാതായത് വിവാദമായിരുന്നു. കൃഷ്ണകുമാർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടതായി ബന്ധുക്കളും കസ്റ്റഡിയിൽ എടുത്തശേഷം വിട്ടയച്ചതായി പോലീസും നിലപാടെടുത്തതിനെ തുടർന്ന് സംഭവത്തിന്റെ ദുരൂഹതയേറി. തുടർന്ന് കൃഷ്ണകുമാറിന്റെ തിരോധാനത്തെക്കുറിച്ച് എ.സി.പി ജോർജ്ജ് കോശിയും, കൃഷ്ണകുമാർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടതായുള്ള ബന്ധുക്കളുടെ ആരോപണം കൊല്ലം സിറ്റി ക്രൈംബ്രാഞ്ചും അന്വേഷിക്കാൻ തുടങ്ങി.

കൃഷ്ണകുമാറിന്റെ മാതാവ് സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ടു ഹൈക്കോടതിയെ സമീപിച്ചു, അന്വേഷണം പുരോഗമിക്കുന്നതിനിടെ കൃഷ്ണകുമാർ കൊല്ലപ്പെട്ടതായും മൃതദേഹം ചിന്നക്കടയിലെ പൈ ഗോഡൗണിനു പിന്നിലെ കാട്ടിൽ സെപ്റ്റിക് ടാങ്കിൽ തള്ളിയതായും കൊല്ലം സിറ്റി ക്രൈംബ്രാഞ്ച് കണ്ടെത്തി. പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ടാങ്കിൽ നിന്നും തലയോട്ടി കണ്ടെത്താനായിട്ടില്ല, എന്നാൽ ലഭിച്ച അസ്ഥികളിൽ നിന്നും ശേഖരിച്ച ഡി.എൻ.എ പരിശോധിച്ചതിൽ കൃഷ്ണകുമാറിന്റെ ഡി.എൻ.എ മാതാവിന്റെയും സഹോദരന്റേയും ഡി.എൻ.എയുമായി ചേരുന്നതായും കണ്ടത്തെി. കൊല്ലപ്പെട്ടത് കൃഷ്ണകുമാർ തന്നെയാണെന്നും ശരീരവശിഷ്ടം അയാളുടേതെന്ന് ബോധ്യപ്പെടുകയും ചെയ്തു.

. .